SUNDAY 28/09/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/09/2025

1. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആർ കെ വി വൈ - പി ഡി എം സി സൂക്ഷ്മ ജലസേചനം 2025-26 പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ ഡ്രിപ്പ്, സ്പ്രിംഗ്ലർ എന്നിവ സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്വന്തമായി കൃഷിയിടമുള്ള കർഷകർക്ക് പദ്ധതി പ്രകാരം ചെലവിന്റെ 55 ശതമാനം പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സഹായം ലഭ്യമാണ്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ്സ്ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി/പട്ടിക വർഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ജില്ലയിലെ കൃഷി അസി.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലോ അടുത്തുള്ള കൃഷിഭവനുകളിലോ ലഭിക്കും. ഫോൺ: 04972965150, 9383472051, 9383472052, 9383472050, 9400430944.

2. ചെറുകിട കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കായുള്ള സർവീസ് ക്യാമ്പ് 2025 **സെപ്റ്റംബർ 27 മുതൽ 30 വരെ ഹരിതാരവം കോഴാ ഫാം ഫെസ്റ്റ് വേദിയായ ജില്ലാ കൃഷിത്തോട്ടം, കോഴാ – DAF വച്ച് നടക്കുന്നു.** മൈനർ സ്പെയർപാർട്സുകൾക്ക് 100% വരെ സബ്സിഡി (പരമാവധി 1000 രൂപ), മൈനർ റിപ്പയർ പൂർണ്ണമായും സൗജന്യം, മേജർ സ്പെയർപാർട്സുകൾക്ക് 25% വരെ സബ്സിഡി (പരമാവധി 5000 രൂപ), മേജർ റിപ്പയർ ചാർജ്ജുകൾക്ക് 25% വരെ സബ്സിഡി (പരമാവധി 1000 രൂപ) കൂടുതൽ വിവരങ്ങൾക്കായി 8075517208, 9496846155, 9995489989 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വിരമിക്കൽ ആനുകൂല്യം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് പെൻഷൻ വിഹിതമടക്കുകയും, 60 വയസ്സ് പൂർത്തിയായി പെൻഷൻ വാങ്ങുന്നതുമായ മത്സ്യത്തൊഴിലാളികൾക്കും

അനുബന്ധ തൊഴിലാളികൾക്കും വിരമിക്കൽ ആനുകൂല്യം ലഭിക്കാൻ അവസരം. ഇതിനായി സേവന പെൻഷൻ സോഫ്റ്റ് വെയറില് സീഡ്/ഓതന്റിക്കേഷൻ ചെയ്തിട്ടുള്ള ആധാർകാർഡ്, പെൻഷൻ ബുക്ക്, ബാങ്ക് പാസ് ബുക്ക്, മത്സ്യത്തൊഴിലാളി പാസ് ബുക്ക് പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യബോർഡ് ഫിഷറീസ് ഓഫീസുകളിൽ സെപ്റ്റംബർ 30നകം ലഭ്യമാക്കണം. സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപേക്ഷിക്കാം. സേവന പെൻഷൻ വെബ്സൈറ്റിലും, ആധാറിലും പേര് വ്യത്യാസമുള്ളവർ അക്ഷയകേന്ദ്രം മുഖേന ആധാർ സീഡിങ്ങ്/ ഓതന്റിക്കേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം അപേക്ഷിക്കണം. ഫോൺ: 0495 2383472.

4. മണ്ണുത്തി കേരള കാർഷിക സർവ്വകലാശാല, കാലാവസ്ഥ വ്യതിയാന പരിസ്ഥിതിശാസ്ത്ര കോളേജിലെ വിവിധ കോഴ്സുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് അഡ്മിഷൻ ഒക്ടോബർ 10 വരെ കാർഷിക സർവ്വകലാശാല,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് 10:30– 4 മണി വരെ നടത്തുന്നു. ഡിഗ്രി കോഴ്സുകളായ ബി. എസ്. സി– എം. എസ്. സി (ഇന്റഗ്രേറ്റഡ് ) ബയോളജി, മൈക്രോബയോളജി, പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ കാലാവസ്ഥ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സമുദ്ര –അന്തരീക്ഷ ശാസ്ത്രം തുടങ്ങിയ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നത്. വെബ് സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8848296719, 9400824393 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപെടുക.

## പരിശീലന പരിപാടി

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 13ന് ലോക മുട്ട ദിനത്തോടനുബന്ധിച്ച് വിവിധ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പരിപാടിയായ "സംരംഭകത്വ സംഗമത്തിന്റെ" രജിസ്ട്രേഷൻ ആരംഭിച്ചു. ഒക്ടോബർ 15ന് **എരുമ വളർത്തൽ** എന്ന വിഷയത്തിലും ഒക്ടോബർ24ന് **ഓമന പക്ഷി**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വളർത്തൽ** എന്ന വിഷയത്തിലും രജിസ്ട്രേഷൻ ആരംഭിച്ചതായി കണ്ണൂർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473.

**കാർഷിക നിർദേശം**

6. പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ് തുരപ്പിന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെൻഡിയാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട്കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർവെള്ളത്തിൽ എന്ന തോതിൽ തളിക്കുക.